| | | |
|---|---|---|
| | | മുതലുള്ള സ്റ്റേജ് ക്യാരേജ് സർവ്വീസുകൾ നടത്തുവാനുള്ള അധികാരം കെ.എസ്. ആർ. ടി. സി-ക്ക് മാത്രമാക്കിക്കൊണ്ട് പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. |
| (ബി) പ്രസ്തുത കരട് നോട്ടിഫിക്കേഷൻ അന്തിമ വിജ്ഞാപനമാക്കുന്നതിനു വേണ്ടി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ; | (ബി) | കരട് പ്രാഥമിക വിജ്ഞാപനത്തിനെതിരെ വിവിധ ബസ്സ് ഓപ്പറേറ്റർമാരും, ബസ്സുടമകളുടെ സംഘടനകളുടെ പ്രതിനിധികളും, വ്യക്തികളും സമർപ്പിച്ചിരുന്ന തടസ്സവാദങ്ങളും അഭിപ്രായങ്ങളും, പരിഗണിക്കുന്നതിന്റെ ഭാഗമായി 1988 ലെ മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 100 ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം സർക്കാർ ഇവരെ നേരിൽ കേൾക്കുകയുണ്ടായി. ഈ വിഷയത്തിന്മേലുള്ള അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുവാനുള്ള നടപടികൾ പൂർത്തിയായി-വരുന്നതേയുള്ളൂ. |
| (സി) കരട് നോട്ടിഫിക്കേഷനിൽ നിന്ന് എന്തെങ്കിലും മാറ്റം വരുത്തണമെന്ന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്നു വ്യക്തമാക്കുമോ ;<br>(ഡി) പ്രസ്തുത അന്തിമ വിജ്ഞാപനം എന്നത്തേക്ക് പുറപ്പെടുവിക്കാൻ കഴിയും എന്ന് വിശദമാക്കുമോ ; | (സി) & (ഡി) | 165 ൽ പരം പ്രൈവറ്റ് ബസ് ഉടമകൾ സമർപ്പിച്ചിട്ടുള്ള തടസ്സവാദങ്ങളടങ്ങിയ സ്റ്റേറ്റുമെന്റുകളും ഈ വിഷയം സംബന്ധിച്ച് നിലവിലുള്ള നിരവധി കോടതി വിധികളും സൂക്ഷ്മമായി പരിശോധിക്കേണ്ടതിനാൽ കരട് വിജ്ഞാപനത്തിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ വരുത്തുന്ന കാര്യത്തിൽ അന്തിമ തീരുമാനമെടുത്തിട്ടില്ല. കഴിവതും വേഗം ഇതു സംബന്ധിച്ച അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു. |

| | | |
|---|---|---|
| (ഇ) ഈ അന്തിമവിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ നിലവിലുള്ള സ്വകാര്യ ബസ് പെർമിറ്റുകളെ തുടരാൻ അനുവദിക്കുമോ ; വിശദാംശങ്ങൾ നൽകുമോ ;<br>(എഫ്) അന്തിമവിജ്ഞാപനം വരുന്നതുവഴി വിദ്യാർത്ഥികൾ ഇപ്പോൾ നേരിടുന്ന യാത്രാ ക്ലേശങ്ങൾ പൂർണ്ണമായും പരിഹരിക്കുവാൻ സാധിക്കുമോ ; വിശദാംശങ്ങൾ നൽകാമോ ? | (ഇ) & (എഫ്) | അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുന്നോടിയായി ഇവയുൾപ്പെടെ എല്ലാ കാര്യങ്ങളും സമഗ്രമായി പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.